പതിനാലാം കേരളനിയമസഭ

പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം: 2029

04.11.2019-ൽ മറുപടിക്ക്

## ഇമാമിനെ ആക്രമിച്ച സംഭവം

| ചോദ്യം<br>ശ്രീ. എൻ .എ.നെല്ലിക്കുന്ന് | | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|---|
| (എ) കാസർഗോഡ് ടൗൺ പോലീസ് സ്റ്റേഷൻ പരിധിയിൽ സ്ഥിതിച്ചെയ്യുന്ന ഒരു പള്ളിയിലെ ഇമാമിനെ കണ്ണിൽ മുളകുപൊടി വിതറി ആക്രമിച്ച സംഭവത്തിൽ കേസ്സ് എടുത്തിട്ടുണ്ടോ എന്നറിയിക്കാമോ;<br>(ബി) ഈ സംഭവം നടന്നത് എപ്പോഴാണെന്നും, കേസ് രജിസ്റ്റർ ചെയ്തത് എപ്പോഴാണെന്നും, ഏത് വകുപ്പ് പ്രകാരമാണ് കേസ്സ് രജിസ്റ്റർ ചെയ്തതെന്നും ക്രൈം നമ്പർ സഹിതം വ്യക്തമാക്കാമോ; | (എ) യും (ബി) യും | 21/03/19 തീയ്യതി രാത്രി 9 മണിക്ക് നടന്ന ടി സംഭവുമായി ബന്ധപ്പെട്ട് കാസറഗോഡ് പോലീസ് സ്റ്റേഷനിൽ Cr.No.193/2019 U/S 323, 341 r/w 34 IPC and sec.120(o) of KP Act. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) ഈ കേസ്സിൽ പ്രതികളെ പിടികൂടണമെന്നാവശ്യപ്പെട്ട് സർക്കാറിനും പോലീസ് വകുപ്പിലെ ഉന്നതാധികാരികൾക്കും ആരെല്ലാം നിവേദനം നൽകിയിരുന്നു എന്ന് വ്യക്തമാക്കാമോ; | (സി) | ശ്രീ. എൻ. എ. നെല്ലിക്കുന്ന് എം എൽ എ മുഖ്യമന്ത്രി മുമ്പാകെയും, നെല്ലിക്കുന്ന് സ്പോടിങ് ക്ലബ് നെല്ലിക്കുന്ന് ജനകീയ കൂട്ടായ്മ രൂപീകരിച്ച DGP ക്കും പരാതി നൽകിയിട്ടുണ്ട്. |
| (ഡി) പ്രതികളെ പിടികൂടാൻ ശക്തമായ തുടർനടപടികൾ സ്വീകരിക്കുവാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;<br>(ഇ) ഈ കേസ്സിൽ എത്ര പ്രതികളുണ്ടെന്നും അവരെ ഇതുവരെ പിടികൂടിയിട്ടില്ലെങ്കിൽ അതിനുള്ള കാരണമെന്താണെന്ന് വ്യക്തമാക്കാമോ? | (ഡി) യും (ഇ) യും | അന്യായക്കാരനെയും സാക്ഷികളെയും കണ്ട് അന്വേഷണം നടത്തിയും സംശയമുള്ളവരെ ചോദ്യം ചെയ്തും ശാസ്ത്രീയ പരിശോധനകളിലൂടെയും കേസിന്റെ അന്വേഷണം ഊർജിതമായി തുടർന്നു വരുന്നു. |

സെക്ഷൻ ഓഫീസർ.